98 (678) പുതിയ നൂറ്റാണ്ടിൽ എല്ലാവർക്കും ഭവനം എന്ന പദ്ധതി

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ നൂറ്റാണ്ടിൽ മുഴുവൻ ആളുകൾക്കും ഭവനം നൽകാനുള്ള സർക്കാരിന്റെ പരിപാടി വിജയിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) ഇനിയും ഭവനരഹിതരായ എത്ര ആളുകൾ ഉണ്ടാകും എന്ന് വ്യക്തമാക്കുമോ;

(സി) 'പുതിയ നൂറ്റാണ്ടിൽ എല്ലാവർക്കും ഭവനം' എന്ന പരിപാടി പ്രാവർത്തികമാക്കാൻ സർക്കാരിന് പുതിയ പരിപാടി എന്തെങ്കിലുമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി നടന്നുവരികയാണ്.

(ബി) കൃത്യമായ വിവരം ലഭ്യമല്ല. ഇതുസംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണ്.

(സി) നിലവിലുള്ള പദ്ധതികൾക്കു പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ സ്വരൂപിച്ച് ഭവന രഹിതരായവർക്ക് വീട് നിർമ്മിച്ച് നൽകാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാൻ, അത്തരം സ്ഥാപനങ്ങളെ പ്രോൽസാഹിപ്പിക്കുന്നുണ്ട്.

99 (679) കേന്ദ്രസർക്കാരിന്റെ തൊഴിലുറപ്പു പദ്ധതി

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുന്ന സംസ്ഥാനത്തെ വിവിധ ബ്ലോക്ക് പഞ്ചായത്തുകളിലായി 1998 ജനുവരി മുതൽ 2000 ജനുവരി വരെ എത്ര പദ്ധതിക്ക് ഏറ്റെടുത്ത് പണി പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ജലസേചനപദ്ധതികൾ എന്നിവ എത്രവീതം പൂർത്തീകരിച്ചു എന്ന് കാണിക്കുന്ന സ്റ്റേറ്റുമെന്റ് നൽകുമോ:

(സി) ഈ കാലയളവിൽ എത്ര തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ നൽകി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

	ഏറ്റെടുത്തത്	പൂർത്തിയായത്
1997-98	5369	2326
1998-99	5674	2605
1999-2000	5065	2090

LIBRARY ARCHIVES Kerala Legislative Assembly

(ബി) മണ്ണ് സംരക്ഷണം 2574

ചെറുകിട ജലസേചനം 1947

റോഡുകൾ 1648

കെട്ടിടങ്ങൾ 852

പാലങ്ങൾ - വിവരം ശേഖരിച്ചു വരുന്നു.

(സി)

	തൊഴിലാളികൾ	തൊഴിൽദിനങ്ങൾ
1997-98	3,25,351	47.28 ലക്ഷം.
1998-99	3,83,799	55.75 ലക്ഷം.
1999-2000	3,95,967	30.77 ലക്ഷം.

100 (680) പഞ്ചായത്ത് രാജ് ആക്ട്

ശ്രീ. കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ള അധികാരങ്ങളിൽ കൈമാറിയിട്ടില്ലാത്തവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള എല്ലാ അധികാരങ്ങളും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് നിയമപരമായി കൈമാറിയിട്ടുണ്ട്.

101 (681) ജനകീയാസൂത്രണ പദ്ധതി

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനകീയാസൂത്രണ പദ്ധതി ഒന്നും രണ്ടും ഘട്ടം പൂർത്തീകരിച്ചപ്പോൾ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം വിവിധ ഗ്രാമങ്ങളിൽ ആകെ എത്ര കുടിവെള്ള പദ്ധതികൾ, വൈദ്യുത പദ്ധതികൾ, ഗ്രാമീണ റോഡുകൾ, ജലസേചന പദ്ധതികൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ പൂർത്തീകരിച്ചുകഴിഞ്ഞു എന്നു കാണിക്കുന്ന ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ഈ വിഭാഗത്തിൽ സംസ്ഥാനത്ത് ആകെ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ താഴെ കാണിക്കുന്നു.

(1) കുടിവെള്ളം - 50162 കിണറുകൾ 17479 പൊതുടാപ്പുകൾ2117 സ്വകാര്യ ടാപ്പുകൾ നിർമ്മിച്ചിട്ടുണ്ട്.

(2) വൈദ്യുതി - 43 ചെറുകിട വൈദ്യുതി പ്രോജക്ടുകൾ 32068 വീടുകൾ വയറിംഗ് ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly